“കഞ്ഞിക്കുഴി - പുതുപ്പള്ളി - കറുകച്ചാൽ - മണിമല വഴി റാന്നീ... റാന്നീ... റാന്നീ....ഇപ്പൊ പോകും ഇപ്പൊ പോകും...കേറ് കേറ്...അവിടെ ചേട്ടാ ഒന്ന് ഒതുങ്ങി നിന്നെ...പുറകോട്ട് മാറിക്കേ.. റാന്നീ...!”

കോട്ടയം - റാന്നി റൂട്ടിൽ ഓടുന്ന ‘ഗോമതി’യുടെ കിളിയാണീ ഇടതടവില്ലാത് കിടന്ന് ചിലയ്ക്കുന്നത്. കോട്ടയം ടൌണിലെ പഴയ പ്രൈവറ്റ് ബസ് സ്റ്റാണ്ട്. സ്കൂളും കോളജും ഓഫീസും ഒക്കെ വിടുന്ന നാലേകാൽ - നാലര സമയം! ബസ്സിനുള്ളിൽ സൂചി കുത്താനിടയില്ല. നല്ല ചൂടും ആവിയും. ബസ്സൊന്നു സ്റ്റാണ്ട് വിട്ടിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്ന നിസ്സഹായരും അക്ഷമരും അസ്വസ്ഥരുമായ യാത്രക്കാർ!

യാത്രക്കാരുടെ കൂടെ കോട്ടയം കളക്ട്രേറ്റിൽ വയർലെസ്സ് ഡിവിഷൻ സർക്കിൾ ഇൻസ്പെക്റ്റർ രാജൻ പാഴൂരും ഉണ്ട്. അദ്ദേഹത്തിനും എന്നെപോലെ ഇരിക്കാൻ സീറ്റ് കിട്ടിയില്ല. എന്റെ അയലോക്കവും ചേട്ടന്റെ സഹപാഠിയുമായ രാജൻ. “ബീഡി വലിക്കുന്ന പ്രേതത്തിലെ” ജോസ്സിയുടെ ചേട്ടനാണ്.

സമയം കളയാൻ വേണ്ടി ഓരോന്ന് പറഞ്ഞോണ്ട് നിൽക്കുകയാണ് ഞാനും രാജനും. കിളി അങ്ങനെ ചിലച്ചുകൊണ്ടേയിരുന്നു പക്ഷെ ബസ് സമയം കഴിഞ്ഞിട്ടും നീങ്ങുന്നില്ല.

ഒടുവിൽ സഹികെട്ടപ്പോൾ രാജൻ കിളിയോട് ചോദിച്ചു

“ഇത് പറയാൻ തുടങ്ങീട്ട് നേരം കുറെയായല്ലോ, പോകാറായില്ലേ”

അത് മിസ്റ്റർ. കിളിക്ക് സുഖിച്ചില്ല.

“അത് പറയണ്ടോരു പറയുമ്പോ പോകും സാറെ”.

ആ ‘സാറെ’ എന്നുള്ള ഭാഗത്തിന് ഒരു ആക്കലിന്റെ ധ്വനി ഉണ്ടായിരുന്നു.

രാജൻ യൂണിഫോം ഇട്ടിട്ടില്ല. സിവിൽ ഡ്രസ്സ് ആണ്. മടക്കിക്കുത്തിയ മുണ്ടും മുറിക്കൈയ്യൻ ഷർട്ടും ഒരു ചെറിയ ബാഗും. കണ്ടാൽ ഒരു സർക്കിളിന്റെ എടുപ്പനാലിറ്റി ഒന്നുമില്ല.

മറുപടി എന്തെങ്കിലും പറയുന്നതിന് പകരം രാജൻ എന്നെ നോക്കിയൊന്നു കണ്ണിറുക്കി ചിരിച്ചു കാണിച്ചു.

അഞ്ചാറ് മിനിട്ടിനകം ഞങ്ങളെയും വഹിച്ചുകൊണ്ട് ഗോമതി എന്ന ശകടം കോട്ടയം നാട്ടകം പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ നിന്നും പുറപ്പെട്ടു.

ഗോമതിക്കൊരു ഖ്യാതിയുണ്ട്; ഒരിക്കലും മുപ്പത് കിലോമീറ്ററിൽ കൂടുതൽ വേഗത ഉണ്ടാവില്ല, ഏതവൻ എപ്പോ എവിടെ കൈകാണിച്ചാലും നിറുത്തും, കൊന്നാലും സമയനിഷ്ട പാലിക്കില്ല....ഇങ്ങനെ ഒക്കെ ആണെങ്കിലും ഗോമതി നമ്മളെ എത്തേണ്ടിടത്ത് എത്തിക്കും. വഴിയിൽ കിടന്ന് പോകില്ല.

ഗോമതിയുടെ കണ്ടക്റ്റർ ബേബി. വയസ്സ് മിനിമം അറുപത്. ബസിനും ഏകദേശം അതേ പ്രായം! ആസ്മക്കാരനായ ബേബീടെ പോലെ മൂളലും ഞരക്കോം ഇഴച്ചിലും ഒക്കെ ബസ്സിനും ഉണ്ട്. സ്റ്റാർട്ട് ആയാൽ ആയെന്നു പറയാം. ബ്രേക്കിടുമ്പോൾ നിന്നെങ്കിൽ നിന്നെന്ന് പറയാം. റൂട്ടിനിടയിൽ മഴ പെയ്താ ഒരുതുള്ളി പോലും വെളിയിൽ പോവില്ല.

കോട്ടയം - മണിമല 36 കിലോമീറ്റർ. സാധാരണ ബസ്സുകൾ ഒന്നേകാൽ മണിക്കൂർ കൊണ്ട് ഓടിയെത്തും. നിരങ്ങീം വലിഞ്ഞും കിതച്ചും ഒന്നേമുക്കാൽ മണിക്കൂറ് കൊണ്ട് ഗോമതി മണിമലയിൽ എത്തി. ഞങ്ങൾ ഇറങ്ങി.

അക്കാലത്ത് മണിമലയിൽ നിന്നും പുലിക്കല്ലിന് ബസ്സില്ല. നടന്നു പോകണം അല്ലെങ്കിൽ ടാക്സി വിളിക്കണം. മിണ്ടീം പറഞ്ഞും പോകാൻ ഒരാള് കൂടെ ഉണ്ടെങ്കിൽ ഞങ്ങൾ പുലിക്കല്ലുകാർക്ക് നടപ്പൊരു പ്രശ്നമേയല്ല. പൊടിപ്പും തൊങ്ങലും വച്ചുള്ള രാജന്റെ വെടിക്കഥകൾ കേട്ട് ഞങ്ങൾ നടന്നു. ഇടയ്ക്കിടെ വെറുതെ മൂളുകേം തലയാട്ടുകേം 'ശരിക്കും' എന്ന് പറഞ്ഞ് കണ്ണു കൊണ്ട് അത്ഭുതം ഭാവിക്കുകേം ചെയ്താ കാര്യം ക്ലീൻ. പുള്ളി ഹാപ്പി. പറയുന്നത് മുഴുവൻ ഞാൻ അങ്ങ് വിശ്വസിച്ചു എന്ന് വരുത്തിയാ പോരെ.

വള്ളംചിറ പള്ളിപ്പടിക്ക് മുൻപേ രാജന്റെ വീടെത്തിയപ്പോൾ ഞങ്ങൾ രണ്ടു വഴി പിരിഞ്ഞു. പോകുന്നതിന് മുൻപ് രാജൻ പറഞ്ഞു പിറ്റേന്ന് നാലുമണി കഴിമ്പം പ്രൈവറ്റ് സ്റ്റാണ്ട് വരെ ഒന്ന് വരാൻ. വരാമെന്ന് ഞാനേറ്റു.

***************

രാജൻ പറഞ്ഞതനുസ്സരിച്ച് പിറ്റേന്ന് ഞാൻ നാല് മണിക്ക് തന്നെ സ്റ്റാൻഡിൽ എത്തി. ഗോമതി പോയിട്ടില്ല. ഞാൻ ചുറ്റും നോക്കിയെങ്കിലും രാജനെ അവിടെങ്ങും കണ്ടില്ല. പതിവുപോലെ കിളി ചിലക്കുന്നുണ്ട്.

“കഞ്ഞിക്കുഴി - പുതുപ്പള്ളി - കറുകച്ചാൽ - മണിമല വഴി റാന്നി റാന്നി റാന്നി...ഇപ്പൊ പോകും ഇപ്പൊ പോകും...കേറ് കേറ്...”

മൂന്നാല് മിനിറ്റ് ഞാൻ കാത്ത് നിന്നു. അപ്പോൾ കാണാം ഡിപ്പാർട്ട്മെന്റ് വക ജീപ്പിൽ സർവ്വപ്രതാപവാനായി രണ്ട് ഹെഡ് കോൺസ്റ്റബിളുമാരുടെ അകമ്പടിയോടെ വന്നിറങ്ങുന്നു രാജൻ. ജീപ്പ് നിർത്തുന്നതിന് മുൻപേ ശ്രീനിവാസ്സൻ സ്റ്റൈലിൽ ചാടിയിറങ്ങി ബസ് സ്റ്റാന്റിൽ പാർക്ക് ചെയ്തിരിക്കുന്ന ഗോമതിയെ ലക്ഷ്യമാക്കി രാജൻ നടന്നു. മീശ പിരിച്ചു മുകളിലേക്ക് വച്ചിട്ടുണ്ട്. കൂടെ ഒരു കൂളിംഗ് ഗ്ലാസ്സും. രാജൻ നന്നായി വെളുത്തതാണ്. നിറോം കാക്കീം കൂളിംഗ് ഗ്ലാസ്സും പൊക്കോം വണ്ണോം ആ നടപ്പും...എല്ലാം കൂടി നല്ല സ്റ്റൈൽ എങ്കിലും സ്വതവേയുള്ള കൂന് ഇപ്പഴുമുണ്ട്.

ഞാനും കൂടെ നടന്നു.

ഗോമതിയുടെ ഡോറിന്റെ അടുത്തെത്തിയപ്പോൾ രാജൻ കൂളിംഗ് ഗ്ലാസ് എടുത്തുമാറ്റി. കിളി അപ്പോഴാണ് രാജനെ ശ്രദ്ധിച്ചത്.

അതുവരെ ഫുട്ട് ബോർഡിൽ പറന്നു നിന്നിരുന്ന കിളി വിനയാന്വിതനായി ഭൂമിയിലേക്ക് പതിയെ പറന്നിറങ്ങി

രാജനെ കണ്ട അവൻ സിംഹത്തിന്റെ മുൻപിൽ പെട്ട ഇരയെപോലെ നിന്ന് പരുങ്ങി. ഇപ്പൊ അടി വീഴുമെന്ന് അവൻ ഭയന്നു. അയാളുടെ മുണ്ട് പതിയെ നനഞ്ഞു തുടങ്ങി. അവൻ രാജന്റെ കാലിൽ വീണില്ല എന്നേയുള്ളു ബാക്കി എല്ലാം ചെയ്തു. എന്നിട്ട് പതിവ് പല്ലവി

രാജൻ എന്തെങ്കിലും പറയുകയോ ചോദിക്കുകയോ ചെയ്യുന്നതിന് മുൻപ് തന്നെ “ഏമാനേ ഒരു തെറ്റ് പറ്റിയതാ...പൊറുക്കണം. ഇനി ഉണ്ടാവില്ല” എന്ന് പറഞ്ഞ് കിളി മോങ്ങാൻ തുടങ്ങി.

അതിന് മറുപടിയൊന്നും പറയാത് രാജൻ അവന്റെ തോളേൽ കൂടി കൈയിട്ട് പറഞ്ഞു

“അനിയൻ ഈ ട്രിപ്പിനു പോകണ്ട. നമ്മുക്കൊരിടം വരെ പോകാം”

അതൂടെ കേട്ടപ്പോൾ കിളിയുടെ നല്ല ജീവൻ പോയി. ആ ട്രിപ്പിന് പോയില്ലെങ്കിൽ പിന്നെ പിറ്റേന്ന് രാവിലെ വരെ സ്റ്റേഷനിൽ! പോലീസ് സ്റ്റേഷനിൽ ഒന്ന് കേറി ഇറങ്ങിയാ പിന്നെ പരസഹായം ഉണ്ടെങ്കിൽ പോലും ശിഷ്ടജീവിതത്തിൽ നേരാംവണ്ണം മൂത്രം ഒഴിക്കാൻ സാധിക്കില്ലാന്ന് അവനറിയാം.

“പൊ...ന്നേ..മാ..നേ...ആളറിയാത് പറ്റിയതാ. ഇനി ഉണ്ടാവില്ല. മാപ്പാക്കണം...ക്ഷമിക്കണം എന്റെ പൊന്നു സാറേ...”

മടക്കിക്കുത്തും തലേൽകെട്ടും അഴിച്ച് താണുവീന്നു കേഴുകയാണ് കിളി. ഇപ്പൊ കരയുമെന്ന അവസ്ഥ. ഈ രംഗം കണ്ടു നിന്ന ബസ് ഡ്രൈവറും കണ്ടക്ട്ടറും യാത്രക്കാരും ഒക്കെ കരുതി രാജൻ അവനെ തൂക്കിയെടുത്ത് ജീപ്പിൽ ഇട്ട് സ്റ്റേഷനിൽ കൊണ്ടുപോയി പെരുമാറുമെന്ന്.

അവന്റെ ദയനീയമായ കേഴൽ കേട്ട് രാജൻ നിന്നു. എന്നിട്ട് അവന്റെ കോളർ ചേർത്തുപിടിച്ച് അവന്റെ കണ്ണിലേക്ക് നോക്കി ചോദിച്ചു...

“ഇനി നീ യാത്രക്കാരെ മര്യാദ പഠിപ്പിക്കാൻ പോവോ?”

“ഇല്ലേമാനെ...സത്യമായും ഇല്ല”

രാജൻ അവന്റെ കോളറീന്ന് കൈ എടുത്തു...

“എന്നാ പെട്ടെന്ന് സ്റ്റാണ്ട് വിട്”.

ഒരു പുതുജീവൻ കിട്ടിയപോലെ കിളി തിരിച്ചു പറന്നു...ഗോമതിയുടെ ഫുട്ട് ബോർഡ് നോക്കി...എന്നിട്ട് നേരം കളയാത് ഡബിൾ ബെല്ലടിച്ച് വണ്ടി വിട്ടു.

രാജൻ എന്നെ നോക്കി വീണ്ടും കണ്ണിറുക്കി ചിരിച്ചു. എന്നെ മാത്രം! എനിക്കപ്പോൾ തോന്നിയ അഭിമാനം! അതിവിടെ വിവരിക്കാൻ പറ്റില്ല.

രാജൻ ഇപ്പൊ കാണിച്ച ഈ നാടകം കളിക്കാനോ അയാളെ വിരട്ടാനോ കേസ് എടുക്കാനോ ഒന്നുമുള്ള അധികാരം രാജനില്ല പക്ഷെ കാക്കിയുടെ ഒരു വിലയുണ്ടല്ലോ...അതാണ് പോലീസിന്റെ വില. അതാണ് പോലീസ്!

അതാവണമടാ പോലീസ്!